മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ശരിക്കിട്ടാൽ എന്നും നിലനില്ലും. ഇപ്പോൾ എട്ടപത്തു കൊല്ലമായിട്ടുള്ള ഗ്രോയിൻസുണ്ട്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: സാധാരണയായി ഗ്രോയിൻ കെട്ടുവാനുള്ള കല്ലിനു എത്ര വലിപ്പമുണ്ടായിരിക്കും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഒന്നര അടിയുണ്ടാകും.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതിലും വലുതായ കല്ല് ഇടുവാൻ പാടില്ലെ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതിലും വലിയ കല്ലുകൊണ്ടുവരുന്നതിനു വളരെ ബുദ്ധിമുട്ടാണു്. ഒരു കല്ലിനു ആയിരം റാത്തൽ ഘനംവരും. അതു എടുത്തു് കടൽത്തീരത്തിലേക്കു കൊണ്ടുവരുന്നതിനു ബുദ്ധിമുട്ടാണു്. അതുകൊണ്ടാണു് വലിപ്പം കുറച്ചിരിക്കുന്നതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: അതുയും ബുദ്ധിമുട്ടി വലിയ കല്ലുകൾ ഇട്ടാൽ വളരെനാൾ നിലനില്ക്കയില്ലേ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇപ്പോഴത്തെ കല്ലുകൊണ്ടു നല്ലവണ്ണം കെട്ടിയാൽ നിലനില്ലും.

## K. I. JOSEPH—CLERK—DISTRICT MAGISTRATE'S COURT

**448.** മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സഭയെ മറുപടി പറയുമോ,—

(എ) ഡിസ്ട്രിക്ട് മജിസ്ട്രേട്ട കോർട്ടിൽ ഇപ്പോൾ ക്ലാക്കായി ജോലി നോക്കി വരുന്ന K. I. Joseph ക്ക് ഏറണാകുളം അസിസ്റ്റൻറ് സപ്ലൈ ആപ്പീസ്സിലെ ഹെഡ് ക്ലാക്കായി ജോലി നോക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അന്നു നടത്തിയ ടിയാന്റെ കല്ല്യാണത്തിനു് അയാളുടെ അധികാരാതൃത്തിയിൽപ്പെട്ട സപ്ലൈ റേഷൻ ഷാപ്പുകാരേയും റിട്ടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിരുന്നു വിവരം ഗവൺമെണ്ടിന്നറിയാമൊ;

(സി) മേല്പറഞ്ഞവരിൽനിന്നും ടി ജോസഫിനു് കിട്ടീട്ടുള്ള സാമാനങ്ങളും സാധനങ്ങളും പണവും എത്രയെന്നു് ഗവർമ്മെണ്ടിന്നറിയാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ചു എഴുതീട്ടുള്ള പത്രറിപ്പോർട്ടുകൾ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ വരികയുണ്ടായിട്ടുണ്ടോ?

റാവുസാഹിബ് എം. എം. പോൾ:

(എ) ഇല്ല.

(ബി) അന്വേഷണത്തിൽ റേഷൻ ഷാപ്പുകാരേയും റിട്ടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിട്ടില്ല എന്നറിയുന്നു.

(സി) രണ്ടാമത്തെ ചോദ്യത്തിനുള്ള ഉത്തരം കൊണ്ടു ഇതിനു് ഉത്തരം ആവശ്യമില്ല.

(ഡി) ഉണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഏതെല്ലാം പത്രങ്ങളിലാണു് ഇതിനെ സംബന്ധിച്ചു റിപ്പോർട്ടുകളുണ്ടായതു്?

**Rama Varmha Tampuran, M.B.E.** *(Chief Secretary to Government):* There was a report about this in the "Sahodaran".

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ ക്ലാക്കു് ഇവിടത്തെ സപ്ലൈ ആപ്പീസ്സിലെ ഹെഡ്ക്ലാക്കായിരുന്ന കാലത്തല്ലേ കല്ല്യാണം കഴിച്ചതു്?

രാമവർമ്മതമ്പുരാൻ: ആയിരിക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആ കല്ല്യാണം കഴിച്ചതിനുശേഷം അദ്ദേഹത്തെ ചീറുക്കു സ്ഥലംമാറുവാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ? റേഷൻ ഷാപ്പുകാരേയും റീടെയിൽ ഷാപ്പുകാരേയും ക്ഷണിച്ചിട്ടില്ല എന്നു പറഞ്ഞിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അവർകളും ഈ ക്ലാക്കിനോടു്....

**Mr. President:** What is the Hon'ble Member reading? Is he asking a question?

**Mr. K. I. Velayudhan** *(Ezhuvas-Talappalli):* My question is this. Will the Government be pleased to answer whether the District Magistrate has taken a statement from him to the effect that he has invited so many retail shop-owners for his marriage?

LIBRARY ARCHIVES Kerala Legislative Assembly

**Rama Varmha Tampuran, M.B.E.** *(Chief Secretary to Government):* He has given a statement that he had invited his friends and his relations.

**Mr. K. I. Velayudhan** *(Ezhuvas-Talappalli):* But the answer given is otherwise. That is, he has not invited owners of any retail shops and ration shops.

**Rama Varmha Tampuran, M.B.E.** *(Chief Secretary to Government):* The statement is, he has invited his friends; not ration-shop owners.

**Mr. P. A. Muhammed Ashroff** *(Cranganur):* May I know whether his friends include ration shop retailers also.

**Rama Varmha Tampuran, M.B.E.** *(Chief Secretary to Government):* I want notice.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഫ്രണ്ട്സ് എന്നു പറയുന്നതിൽ റേഷൻ ഷാപ്പുകാരും പെടുമോ?

**Rama Varmha Tampuran, M.B.E.** *(Chief Secretary to Government):* Notice.

മിസ്റ്റർ പി. നാരായണമേനോൻ: ഷാപ്പുകാർ എല്ലാവരും ഫ്രണ്ട്സ് ആയിരുന്നുവോ?

## GOVERNMENT B. T. COLLEGE—NUMBER OF STUDENTS

**449.** മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) Government B. T. College-ൽ കഴിഞ്ഞകൊല്ലം (academic year) എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

(ബി) അവരെ പഠിപ്പിക്കുവാൻ എത്രപേരുണ്ട്; ഇവർ ഓരോരുത്തക്കും ആഴ്ചയിൽ എത്ര മണിക്കൂർ വീതം ജോലിയുണ്ട്;

(സി) ആകെ ക്ലാർക്കുമാർ, Librarians, Attenders, Peons, മറ്റുജോലിക്കാർ മുതലായവർ എത്രപേരുണ്ട്; ഈ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ കഴിഞ്ഞകൊല്ലം ആകെ എത്ര ചിലവു വന്നിട്ടുണ്ട്;

(സി) കോളേജ് hostels-ൽ കഴിഞ്ഞകൊല്ലം എത്രപേർ താമസിച്ചിരുന്നു;

(ഇ) പണിയുവാൻ ഉദ്ദേശിക്കുന്ന College hostels-നു് എത്ര ചിലവു വരുമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) ൪൩. (൩൩ പുരുഷന്മാർ, ൨൦ സ്ത്രീകൾ).

(ബി) ൧൩.

| | | | |
|---|---|---|---|
| ൧. | പ്രിൻസിപ്പാൾ (ചരിത്രപ്രാസംഗികൻ) | ൪ | പീരിഡു് |
| ൨. | വൈസ് പ്രിൻസിപ്പാൾ (സൈക്കോളജി പ്രാസംഗികൻ) | ൩ | ,, |
| ൩. | ശ്രീ. ടി. എസ്സു്. സോമനാഥയ്യൻ (ഗണിതശാസ്ത്ര പ്രാസംഗികൻ) | ൩ | ,, |
| ൪. | ,, ടി. സി. ബാലകൃഷ്ണമേനോൻ (ആംഗലഭാഷാ പ്രാസംഗികൻ) | ൩ | ,, |
| ൫. | ,, ടി. സി. നാരായണമേനോൻ (പ്രകൃതിശാസ്ത്രം) | ൧ | ,, |
| ൬. | ,, കെ. രാമവർമ്മരാജാ (സംസ്കൃത പ്രാസംഗികൻ) | ൩ | ,, |
| ൭. | ,, സി. എം. പോൾ (ഫിസിക്കൽ സൈൻസു്) | ൩ | ,, |
| ൮. | ,, കെ. ഐ. ഐപ്പാത്തു (വ്യായാമപരിശീലനഡയറക്ടർ) | ൨ | ,, |
| ൯. | മിസിസ്സു് മാർഗരറ്റു് പി. ചിതലൻ (വ്യായാമപരിശീലനഡയറക്ട്രസ്സു്) | ൨ | ,, |
| ൧൦. | ശ്രീമതി എ. ദേവകിഅമ്മ (ചരിത്രം അസിസ്റ്റാണ്ടു് ലൈബ്രേറിയൻ) | ൪ | ,, |
| ൧൧. | ശ്രീ. എ. കരുണാകരപിഷാരോടി (മലയാള പ്രാസംഗികൻ) | ൩ | ,, |
| ൧൨. | ശ്രീമതി കെ. ജാനകിഅമ്മ (സംഗീതലക്ചറർ) | ൩ | ,, |
| ൧൩. | ശ്രീ. കെ. എം. ചാക്കുണ്ണി (കലയും കൈത്തൊഴിലും) | ൪ | ,, |



LIBRARY ARCHIVES Kerala Legislative Assembly